# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1429** **04.02.2019-ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേനയുള്ള നിർമ്മാണം**

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ്, പൊഴിയൂർ പി.എച്ച്.സി എന്നിവയുടെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; | എ) | നെയ്യാറ്റിൻകര മാർക്കറ്റ് നിർമ്മാണ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പൊഴിയൂർ പി.എച്ച്.സി. നിർമ്മാണ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി വകുപ്പിനു നടത്താനാവില്ല. |
| ബി) എങ്കിൽ എത്ര കോടി രൂപയുടെ ഡി.പി.ആർ ആണ് കിഫ്ബിയിൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | ബി) | നെയ്യാറ്റിൻകര മാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ.-ന് അന്തിമ രൂപമായിട്ടില്ല. |
| സി) നെയ്യാറ്റിൻകര ടൗൺ മാർക്കറ്റ്, പൊഴിയൂർ പി.എച്ച്.സി എന്നിവയുടെ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | സി) | മാർക്കറ്റ് നിർമ്മാണം കിഫ്ബി വഴി നടപ്പിലാക്കുന്നതു സംബന്ധിച്ച് എൽ.എസ്.ജി.ഡി. വകുപ്പിന്റെ കൂടി അനുമതി ലഭ്യമാക്കേണ്ടതുണ്ടായിരുന്നതിനാൽ ഇക്കാര്യം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്യുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ 63 മാർക്കറ്റുകളുടെ വികസനത്തിനുള്ള പദ്ധതി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുവാൻ തീരുമാനമാവുകയും ചെയ്തിട്ടുണ്ട്. പി.എച്ച്.സി.<br><br>പദ്ധതികൾ ആരോഗ്യ വകുപ്പിന്റെ തനതു പദ്ധതിയായി നടപ്പാക്കുന്നതിനാൽ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിരുന്നു. |

**സെക്ഷൻ ആഫീസർ**